5533

04/03/2021
bcddkkd@


പിന്നാക്ക വിഭാഗ വികസന വകുപ്പ്
കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ , കോഴിക്കോട്
ഫോൺ : 0495 2377786
e-mail: bcddkkd@gmail.com


BCDKKD/7/2020-A1 തിയ്യതി:04-03-2021

Break the Chain

"ഭരണഭാഷ - മാതൃഭാഷ"

"വളരെ അടിയന്തിരം"

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ വിദ്യാഭ്യാസ ആഫീസർ
തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്

സർ,

വിഷയം : പിന്നാക്ക വിഭാഗ വികസനം - ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ വിതരണം- ഇ-ഗ്രാൻറ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത സ്കൂളുകൾ - സംബന്ധിച്ച്

സൂചന : 04/03/2021 ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം

C1

5/3

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഇ-ഗ്രാൻറ്സ് മുഖേന ഡാറ്റാ എൻട്രി നടത്തി എ.ഇ.ഒ./ഡി.ഇ.ഒ. കൗണ്ടർ സൈൻ ചെയ്ത ഹാർഡ് കോപ്പി ഈ ആഫീസിൽ ഹാജരാക്കുന്നതിന് 2020-21 വർഷത്തെ വിജ്ഞാപനം പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഓൺലൈൻ രേഖാ സമർപ്പണം നടത്തിയ സ്കൂളുകളിൽ ഏറിയപങ്കും നാളിതുവരെ ഹാർഡ് കോപ്പി ഹാജരാക്കിയിട്ടില്ല. ആകയാൽ അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ച് നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാത്തത് സാമൂഹ്യ നീതിയുടെ നിഷേധമാണ്. ആയതിനാൽ എല്ലാ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും പഠനം നടത്തുന്ന ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക എ.ഇ.ഒ./ഡി.ഇ.ഒ. മേലൊപ്പ് ചാർത്തി ഈ ഓഫീസിൽ ലഭ്യമാക്കുന്നതിന് എ.ഇ.ഒ./ഡി.ഇ.ഒ.മാർക്ക് നിർദ്ദേശം നൽകുന്നതിന് അഭ്യർത്ഥിക്കുന്നു. പട്ടിക മാർച്ച് 15ന് മുൻപ് ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

സിവിൽ സ്റ്റേഷൻ കോഴിക്കോട്

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : A1 സെക്ഷൻ
അധികം/കരുതൽ

## ഉത്തരവാകുന്നത് G/5533/21

മേൽ പരാമർശിച്ച (2) പ്രകാരം ഉള്ള കുട്ടികളുടെ ലിസ്റ്റ് സോഫ്റ്റ് കോപ്പി ആയി ഇ-മെയിൽ വഴിയും A50/D50 ക്യാരക്ടർ സൈസിൽ ചെയ്ത ഹാർഡ് കോപ്പി ഈ ഓഫീസിൽ നാളെ (10/3/21) ന് വൈകിട്ട് 5 മണിക്ക് മുമ്പായി ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്

വിശ്വസ്തതയോടെ

ജി. ഉദയകുമാർ

9/3/21